**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2499** **12-02-2024 - ൽ മറുപടിയ്ക്ക്**

**വിമുക്തിമിഷൻ ബോധവത്കരണ ക്ലാസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ലഹരിവർജ്ജന മിഷനായ വിമുക്തിയിൽ ബോധവത്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്തു വരുന്ന എക്സൈസ് ഉദ്യോഗസ്ഥർ ആരുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് എന്നറിയിക്കാമോ; | (എ) | വിമുക്തിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്ന സ്ഥലം ഉൾപ്പെടുന്ന റെയിഞ്ചിലെ എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, വിമുക്തി മിഷൻ ജില്ലാ മാനേജർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവരുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്തു വരുന്നത്. സംസ്ഥാന തലത്തിൽ ഇത്തരം ബോധവൽക്കരണ ക്ലാസ്സുകളുടെ മേൽനോട്ടം എക്സൈസ് ബോധവൽക്കരണ വിഭാഗം ജോയിന്റ് എക്സൈസ് കമ്മീഷണർ, വിമുക്തി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എക്സൈസ് കമ്മീഷണർ എന്നിവരും നിർവ്വഹിച്ചു വരുന്നു. |
| (ബി) | വിമുക്തിമിഷൻ ജില്ലാ ഓഫീസറുടെ ഓഫീസിൽ നിന്നും ആണോ ബോധവത്കരണ ക്ലാസ്സുകൾ എടുക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് എന്നറിയിക്കാമോ; | (ബി) | ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നതിന് വിമുക്തി മിഷൻ ജില്ലാ ഓഫീസിൽ നിന്നും ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കണമെന്ന ആവശ്യം ലഭിക്കുന്ന ഓഫീസിന്റെ ഓഫീസ് തലവനും ഉദ്യോഗസ്ഥരെ നിയോഗിക്കാറുണ്ട്. |
| (സി) | ഓരോ ജില്ലയിലും ബോധവത്കരണ ക്ലാസ്സുകൾ എടുക്കുന്ന ഉദ്യോഗസ്ഥരുടെ പാനൽ രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നതിന് ജില്ലാ തലത്തിൽ ഉദ്യോഗസ്ഥരുടെ പാനൽ രൂപീകരിച്ചിട്ടില്ല. |
| (ഡി) | ബോധവത്കരണ ക്ലാസ്സുകൾ എടുക്കുന്ന ഉദ്യോഗസ്ഥർ വിമുക്തി മിഷൻ ജില്ലാ ഓഫീസിന്റെ അനുമതിയില്ലാതെ ബോധവത്കരണ ക്ലാസ്സ് എടുക്കുകയും, ക്ലാസ്സിന്റെ വീഡിയോകളും ചിത്രങ്ങളും വകുപ്പിന്റെ ഔദ്യോഗിക പേജിൽ അല്ലാതെ സോഷ്യൽ മീഡിയയിലും മറ്റും പ്രചരിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ; | (ഡി) | ജില്ലകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വിമുക്തി മിഷൻ ജില്ലാ ഓഫീസിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. ബോധവൽക്കരണ ക്ലാസ്സുകളുടെ വീഡിയോകളും ചിത്രങ്ങളും വിമുക്തിയുടെയും എക്സൈസ് വകുപ്പിന്റെയും ഔദ്യോഗിക സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴി പ്രചരിപ്പിക്കുകയും, ആയതിന്റെ ലിങ്കുകൾ വിവിധ സമൂഹ മാധ്യമ അക്കൗണ്ടുകൾ |

| | | | |
|---|---|---|---|
| | | | വഴി പ്രചരിപ്പിക്കുകയും ചെയ്തു വരുന്നു. എക്സൈസ് വകുപ്പിന്റെയോ, വിമുക്തി മിഷന്റെയോ ലഹരിവിരുദ്ധ പ്രചാരണങ്ങൾക്ക് വിരുദ്ധമായോ, ബോധവൽക്കരണ പ്രചാരണ മാർഗ്ഗങ്ങൾക്ക് വിപരീതമായോ, ഏതെങ്കിലും വ്യക്തികൾക്കോ സംഘടനകൾക്കോ സ്ഥാപനങ്ങൾക്കോ ദോഷകരമായോ അപകീർത്തിപരമായ തരത്തിലോ ബോധവൽക്കരണ ക്ലാസുകളുടെ വീഡിയോകളും ചിത്രങ്ങളും സമൂഹ മാദ്ധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല . |
| (ഇ) | വിമുക്തി മിഷനിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിച്ച ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ടോ എന്നറിയിക്കാമോ; | (ഇ) | പരിശീലനം നൽകുന്നുണ്ട്. |
| (എഫ്) | വിമുക്തി മിഷനിൽ ബോധവത്ക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് വിമുക്തി മിഷൻ ജില്ലാ ഓഫീസ് മുഖാന്തിരം പ്രസ്തുത വിഷയത്തിൽ അറിവും പ്രാഗത്ഭ്യവും ഉള്ള വ്യക്തികളെ നിയോഗിക്കുവാൻ പദ്ധതി തയ്യാറാക്കാമോ; വ്യക്തമാക്കുമോ? | (എഫ്) | എക്സൈസ് ബോധവൽക്കരണ വിഭാഗത്തിന്റെയും വിമുക്തി മിഷന്റെയും ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ നിലവിൽ കൈകാര്യം ചെയ്യുന്നത് എക്സൈസ് ഉദ്യോഗസ്ഥരോ, വിമുക്തി മിഷന് കീഴിൽ വരുന്ന ജീവനക്കാരോ ആണ്. ബോധവത്ക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രസ്തുത വിഷയത്തിൽ അറിവും പ്രാഗത്ഭ്യവും ഉള്ള വ്യക്തികളെ വകുപ്പിന് പുറത്ത് നിന്നും നിയോഗിക്കുവാൻ പദ്ധതി തയ്യാറാക്കുന്നത് നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ